# അധ്യായം മുപ്പത്

എരിഞ്ഞുനിൽക്കുന്ന ഹൃദയക്കനലിലേക്കു മഞ്ഞുപെയ്തിറങ്ങിയതു പോലെയായിരുന്നു സോമന്. അപ്രതീക്ഷിതമായി ഒഴുകിവന്ന നൽക്കിനാവുപോലെ അവൾ അവനു മുന്നിൽ നിന്നു. അവളുടെ കണ്ണുകൾ നിറഞ്ഞു തുളുമ്പിയിരുന്നു. കൊക്കിൽ കുരുങ്ങിയ മുള്ളുപോലെ വേദന അവളിൽ പിടഞ്ഞു. സോമൻ കിടന്നിരുന്ന കട്ടിലിനരികിൽ അവളിരുന്നു. അവന്റെ കൈവിരലുകൾ അവൾ കോർത്തുപിടിച്ചു. ആ വിരലുകൾക്കു മീതെ അവളുടെ കണ്ണുനീർത്തുള്ളികൾ വീണു.

ഞാൻ അറിഞ്ഞില്ല... ഇങ്ങനെയൊക്കെ ആയത്...- ഓമനയുടെ ചുണ്ടുകൾ വിതുമ്പുന്നുണ്ടായിരുന്നു. സോമൻ ചിരിക്കാൻ ശ്രമിച്ചു. അവന്റെ കണ്ണുകളും നിറഞ്ഞു. അവളുടെ വിരലുകൾ അവൻ മുറുകെപ്പിടിച്ചു.

ഓമനേ... നീ.. ഇതുവരെ എവിടെയായിരുന്നു... എന്തിനു പിന്നെ ഈ നശിച്ചവനെ കാണാൻ വന്നു...

എനിക്കു കാണാതിരിക്കാനാവില്ല... ഞാൻ എന്നും കാണുന്നുണ്ടായിരുന്നു... എന്റെ ഹൃദയത്തിൽ സോമൻ എന്നുമുണ്ട്. നമ്മൾ കണ്ടതുമുതൽ ഈ മുഖം ഞാൻ അവിടെനിന്നു മാറ്റിയിട്ടില്ല.

എനിക്കു നിന്നെ നഷ്ടപ്പെട്ടെന്നു ഞാൻ കരുതി...

എന്തിന്?

എത്രനാൾ ഞാൻ ഒരു കത്തിനായി കാത്തിരുന്നു...

പറ്റിയില്ല... ചേട്ടനും ചേടത്തിയും എല്ലാം അറിഞ്ഞു... ഹോസ്റ്റലിൽ ഒരു തടവുകാരിയെ പോലെയായിരുന്നു....

ഞാൻ നിന്നെ നേരത്തെയൊന്നു കണ്ടിരുന്നെങ്കിൽ...

എന്നെ അത്രയ്ക്കു വിശ്വാസമില്ലാതായോ...

വിശ്വാസക്കുറവല്ല... നീ എന്നെ സ്നേഹിക്കാതിരിക്കുകയാണ് നല്ലതെന്നു എനിക്കു തോന്നി..

അതിന് എനിക്കീ ജീവിതത്തിൽ കഴിയുമോ... സോമനു കഴിയുമോ...

അവളുടെ ചോദ്യത്തിനുമുന്നിൽ സോമനു മറുപടികളുണ്ടായില്ല. പ്രതീക്ഷിക്കാത്ത അനുഗ്രഹങ്ങളാണ് ചില നേരങ്ങളിൽ തനിക്കു ദൈവം തരുന്നത്. ഇങ്ങനെ തന്നെ സ്നേഹിച്ച ഒരു പെണ്ണിനെയാണല്ലോ താൻ തെറ്റിദ്ധരിച്ചത്.

നല്ല വേദനയുണ്ടോ..

ഉണ്ടായിരുന്നു ശരീരത്തിനും മനസിനും... നീ വന്ന നിമിഷം മുതൽ അതെങ്ങോ മാഞ്ഞുപോയ പോലെ..

അവളുടെ ചുണ്ടിൽ പ്രണയാതുരമായ പുഞ്ചിരി വിരിഞ്ഞു. അവനും ചിരിച്ചു. അവന്റെ മാറിലേക്കു അവൾ മുഖം ചേർത്തുകിടന്നു. ഒരു സാമ്രാജ്യം കീഴടക്കിയവന്റെ മനസായിരുന്നു അപ്പോൾ സോമന്. വേദന വകവയ്ക്കാതെ അവൻ അവളെ ചേർത്തുപിടിച്ചു.

സോമൻ... ഇനി ഇവിടെ നിൽക്കരുത്... ഒരുപാട് ശത്രുക്കൾ ഉണ്ട്.. അതുമാത്രമല്ല ഇനിയിവിടെ നിന്നാൽ സോമനെ ഇനിയും നഷ്ടപ്പെടും- അവന്റെ മാറിൽ കിടന്നു അവൾപറഞ്ഞു.

ഇനി ഓമന പറയുന്നതേ ഞാൻ കേൾക്കൂ... എനിക്കും നിനക്കും വേണ്ടി ഞാൻ അങ്ങനെ ചെയ്താലേ ശരിയാകൂ...

സോമൻ എഴുതണം... പഴയതു പോലെ... ഞാനിഷ്ടപ്പെട്ട സോമനെ എനിക്കു കിട്ടാൻ വീണ്ടും എഴുതണം. കഥയോ കവിതയോ നാടകമോ നോവലോ എന്തെങ്കിലുമാകട്ടെ... എന്തെങ്കിലും എഴുതണം.

എനിക്കതിനു ഇനി കഴിയുമെന്നു തോന്നുന്നില്ല....

കഴിയും.. സോമനു അതിനു കഴിയും.... സോമൻ മറുപടിയൊന്നും പറഞ്ഞില്ല.

നമ്മൾ ഇനി കാണുമ്പോൾ കഥയും കവിതയും നാടകവും ഇഷ്ടപ്പെടുന്ന, അതിനെയൊക്കെ മനസിൽ കൊണ്ടുനടക്കുന്ന സോമനായിരിക്കണം ഉണ്ടാവേണ്ടത്.. എനിക്കുവേണ്ടി സോമൻ എഴുതണം...

സോമന്റെ മനസിൽ തിരിച്ചുവരവിന്റെ തിരയിളക്കങ്ങൾ തുടങ്ങി. എല്ലാം നഷ്ടപ്പെട്ടുവെന്നു കരുതിയിരുന്നിടത്താണ് ഓമന തിരിച്ചുവന്നിരിക്കുന്നത്. ഇരുൾമൂടിയ ഒരു കർക്കടക രാവിൽ പൂത്തുലഞ്ഞ നിലാവുപോലെ അവളുടെ മുഖം തന്നെ തിരിച്ചുവിളിക്കുന്നതായി അവനു തോന്നി. കഴിഞ്ഞതെല്ലാം ഒരു ദുഃസ്വപ്നമായി കാണാൻ അവൻ കൊതിച്ചു. എങ്കിലും ആശങ്കകൾ അവന്റെ മനസിൽ നിറഞ്ഞുനിന്നു. വഴിതെറ്റിപ്പോകുന്നുവെന്നു കരുതിയ സമയങ്ങളിൽ എത്രയോ തവണ സ്വയം തിരികെ വിളിച്ചിരിക്കുന്നു. അന്നൊന്നും ഒരു തിരിച്ചുവരവിന് സാധിച്ചില്ല. ആ വഴിതെറ്റലിൽ ഓമനയെ മറന്നു. അപൂർവമെങ്കിലും തന്നെ സ്നേഹിച്ചവരുടെ മുഖങ്ങൾ മറന്നു. തന്റെ കഴിവുകളെ മറന്നു. കവിത മറന്നു.. കഥകൾ മറന്നു.. എഴുതിക്കൂട്ടിയ നാടകങ്ങൾ മറന്നു.. ജീവിതത്തെക്കുറിച്ചു മറന്നു. ഇനിയും അങ്ങനെ ആകുമോ...

എന്തേ ഒന്നും മിണ്ടാത്തേ.... ഓമനയുടെ ചോദ്യം കേട്ടാണ് അവൻ ചിന്തയിൽനിന്നുണർന്നത്. ഇവൾ കൂടെയുണ്ടെങ്കിൽ തനിക്കു വഴിതെറ്റുമോ... നാശത്തിന്റെ വിളികൾ കേൾക്കുവാനാകുമോ.. ഇല്ല. ഒരിക്കലുമില്ല.

സോമൻ അവളെ നോക്കി ചിരിച്ചു. വലിയ പ്രതീക്ഷകൾ മനസിലേറ്റി ഓമനയും ചിരിച്ചു.

******************************************************************************************************************

രണ്ടാഴ്ചയിലേറെ സോമന് ആശുപത്രിയിൽ കിടക്കേണ്ടിവന്നു. സർക്കാർ ആശുപത്രി ആയതിനാൽ ചെലവൊന്നും ഉണ്ടായില്ല. ചേട്ടനും അതു കൊണ്ടാവണം ഇവിടെത്തന്നെ മതിയെന്നു കരുതിയത്. സുകുമാര പിള്ള കുറച്ചു കാശു കൊടുത്തെങ്കിലും സോമനത് വാങ്ങിയില്ല. ഇനിയൊരു കടപ്പാട് അയാളോട് കാണിക്കുന്നത് ശരിയാവില്ലെന്നു അവനു തോന്നി. എന്തെങ്കിലും പണിക്കുപോകണമെങ്കിൽ ഇനിയും ഒന്നുരണ്ടു മാസം കൂടി വേണ്ടിവരും. രണ്ടു ദിവസം ക്വാർട്ടേഴ്സിൽ നിൽക്കാമെന്നു ചേട്ടൻ പറഞ്ഞു. ഹോട്ടലിൽ കിടന്നാൽ ശരിയാവില്ല. ആരെങ്കിലും രാത്രിവന്നു പ്രശ്നമുണ്ടാക്കുമെന്ന ഭയം ചേട്ടനുണ്ട്. അത് സോമനു അപകടമാകുമെന്നു മാത്രമല്ല, ഹോട്ടലിന്റെ പ്രവർത്തനത്തെയും ബാധിക്കും. ക്വാർട്ടേഴ്സിലാണെങ്കിൽ തല്ലുകൂടാൻ ആരും വരാൻ സാധ്യതയില്ല. രണ്ടു ദിവസം കഴിഞ്ഞു രാജുവിന്റെ അടുത്തേക്കു പോകണമെന്നു ചേട്ടത്തി കട്ടായം പറയുന്നത് സോമൻ കേട്ടു. ആരോഗ്യമുണ്ടായിരുന്നെങ്കിൽ തോട്ടിപ്പണിക്കെങ്കിലും പോകാമായിരുന്നെന്നു അവനപ്പോൾ തോന്നി. അറപ്പു തോന്നുന്ന ഒരു ജന്തുവിനെ എന്നപോലെയാണ് ചേട്ടത്തി ആ രണ്ടുദിവസവും അവനെ കണ്ടത്.

രണ്ടുദിവസം കഴിഞ്ഞപ്പോൾ തുണികളെല്ലാം ബാഗിൽ കുത്തിത്തിരുകി സോമൻ ക്വാർട്ടേഴ്സ് വിട്ടു. ആരോടും യാത്രപോലും പറഞ്ഞില്ല. രാവിലെ ആശുപത്രിയിലേക്കു പോകും മുമ്പ് ചേട്ടൻ കുറച്ചു പണം തന്നു. മൂന്നുനാലു ദിവസം കഴിച്ചു കൂട്ടാൻ അതു മതിയാകും. തിരിച്ചുനാട്ടിലേക്കു പോയാലെന്തെന്നു തോന്നാതിരുന്നില്ല. ഓമനയുടെ മുഖം ഈ നഗരത്തിൽ തന്നെ പിടിച്ചുനിർത്തും. ഈ നാടോ ഇതിനു സമീപമുള്ള നാടോ വിട്ട് തനിക്കെങ്ങും പോകാനാവില്ലെന്നു അവന് തീർച്ചയായിരുന്നു. മറ്റുവഴികളൊന്നുമില്ല രാജുവിനെ തേടി പോകുകതന്നെ. ഒരു അഭയാർഥിയുടെ മനസാണ് തനിക്കെന്നു സോമനറിയാം. ഒരു പക്ഷെ തികച്ചും അപരിചതനെപ്പോലെ രാജു തന്നെ കണ്ടേക്കാം. പഴയ പരിചയത്തിന്റെ പേരിൽ എന്തെങ്കിലും ചില്ലറ തരാനും മതിയാകും. എന്തായാലും തന്റെ മുന്നിൽ ഇപ്പോൾ വഴി ഒന്നേയുള്ളൂ- രാജൂ. ആ വഴിയടഞ്ഞാൽ മറ്റൊന്നു തെളിഞ്ഞുവരുമെന്നു പ്രതീക്ഷിക്കയല്ലാതെ മറ്റൊന്നുമില്ല.

സോമൻ രാജുവിന്റെ ഓഫിസിലേക്കു നടന്നു. ബസിൽപോകാമെന്നു വച്ചാൽ കൈയിലുള്ള പൈസയിൽ കുറവുവരും. യാതൊരു പ്രതീക്ഷയുമില്ലാതെയാണ് താൻ രാജുവിനെ കാണുവാൻ പോകുന്നത്. അവൻ തന്നെ നിരാകരിച്ചാൽ ഒരു നേരത്തെ ഭക്ഷണത്തിന്റെ പൈസയാകും ബസ്സുകൂലിയായി നഷ്ടപ്പെടുക. രണ്ടു മണിക്കൂറെങ്കിലും നടക്കാനുണ്ട് രാജുവിന്റെ കമ്പനിയിലേക്ക്. ആ പൊരിവെയിലിൽ തേഞ്ഞുപാതിയായ

സോമന്റെ ചെരുപ്പുകൾ പൊള്ളിത്തുടങ്ങി. ആ പൊള്ളൽ അവന്റെ ഹൃദയത്തിലേക്കു പടർന്നു. ഒരു നേർത്ത പഴുതിലൂടെയാണ് തന്റെ പോക്കെന്നു സോമനറിയാം. ഇനിയെവിടെയെങ്കിലും വീണുപോയാൽ തിരിച്ചുവരവുണ്ടാവില്ല. പ്രതീക്ഷിക്കുന്ന എല്ലാം തകർന്നുപോകുമെന്നറിയാം. ഓമന മാഞ്ഞുപോകുമെന്നറിയാം... അതിനാൾ ഈ ഇരുൾവഴിയിൽ താൻ ഒറ്റയ്ക്കാണെന്നും ഒരു കാൽവെയ്പ്പുപോലും പതറരുതെന്നും അവൻ മനസിലുറപ്പിച്ചു.

ചേട്ടൻ തന്ന രാജുവിന്റെ അഡ്രസെഴുതിയ കടലാസ് പോക്കറ്റിൽ നിന്നെടുത്തു. വിയർപ്പിൽ നനഞ്ഞ കടലാസിൽ കമ്പനിയുടെ പേര് പാതിതെളിഞ്ഞുനിന്നു. ആർ.എൻ സിങ് ആന്റ് കമ്പനി. എച്ച്ഇസിയുടെ ഓക്സീലറി കമ്പനികളിൽ പ്രധാനമാണ് ഇത്. അതു കൊണ്ടാണ് നല്ലൊരു ഒഴിവു വന്നപ്പോൾ രാജുവിനു ചേട്ടന്റെ റെക്കമെൻഡേഷനിൽ ജോലി ലഭിച്ചത്. രാജു അവിടെ എക്സിക്യൂട്ടീവായി ജോലിചെയ്യുകയാണെന്നും അവന് നല്ല ശമ്പളവും കമ്പനി വക മോട്ടോർ സൈക്കിളും ഉണ്ടെന്നു ചേടത്തി ഒരിക്കൽ പറയുന്നത് അവൻ കേട്ടിട്ടുണ്ട്.

പലരോട് വഴിചോദിച്ച് സോമൻ ഒടുവിൽ രാജുവിന്റെ കമ്പനിയുടെ മുന്നിലെത്തി. കമ്പനിയുടെ വലിയ ഗേറ്റിനുമുന്നിൽ വിയർപ്പിൽ കുളിച്ച് സോമൻ നിന്നു. പൊടിപിടിച്ചു മുഷിഞ്ഞ അവന്റെ വേഷവും രൂപവും കണ്ടപ്പോൾ വാച്ച്മാൻ തടസമായി. അഡ്രസ് കാണിച്ചപ്പോഴും അയാളുടെ മുഖത്തുനിന്നും സംശയം മാഞ്ഞുപോയില്ല. ഒടുവിൽ സോമനെ റിസപ്ഷനു പുറത്തുനിർത്തി വാച്ച്മാൻ അകത്തേക്കു പോയി. കുറ്റവാളിയുടെ മുഖഭാവത്തോടെ സോമൻ റിസപ്ഷൻ റൂമിന്റെ പുറത്ത് ഒതുങ്ങിനിന്നു. സമയമേറെയായി. വാച്ച്മാൻ ഒന്നും പറയാതെ തിരിച്ചു ഗേറ്റിനടുത്തേക്കു നടന്നു. പ്രതീക്ഷയോടെ സോമൻ അകത്തേക്കു പലപ്പോഴായി എത്തിനോക്കി. ഒടുവിൽ രാജു പുറത്തേക്കു വന്നു. യോഗ്യനായിരിക്കുന്ന അവൻ. പണ്ടുകണ്ട ചെറിയ പയ്യനല്ല. പാന്റസും ടൈയുമൊക്കെ ധരിച്ച് വലിയ ഉദ്യോഗസ്ഥനെപ്പോലെ. ഒരു പക്ഷെ ഇവിടത്തെ വലിയ ഉദ്യോഗസ്ഥൻ തന്നയായിരിക്കും രാജു. പഴയ കൂട്ടുകാരനെ കാണ്ടുമുട്ടിയതിനെക്കാളുപരി സഹായം തേടിയെത്തിയ കുചേലന്റെ ഭാവമായി സോമന്. റിസപ്ഷന്റെ വാതിൽ തുറന്ന് സോമനെ അയാൾ കണ്ടു. അപരിചിതനെ കണ്ട ഭാവമായിരുന്നു ആദ്യമവന്. ഒരു നിമിഷത്തെ അപരിചിതത്ത്വത്തിനു ശേഷം അവന്റെ മുഖത്ത് ആശ്ചര്യമുണർന്നു. ആശ്ചര്യം അത്ഭുതമായി. അത് സന്തോഷമായി. പടികൾ ഓടിയിറങ്ങി അവൻ സോമനെ കെട്ടിപ്പിടിച്ചു. സോമന്റെ ശരീരത്തിലെ വിയർപ്പ് അവന്റെ ഷർട്ടിലേക്കു പടർന്നു. പിന്തിരിയാൻ സോമൻ ശ്രമിച്ചെങ്കിലും രാജു അവന്റെ കരങ്ങൾ മുറുക്കി. കാലങ്ങൾക്കു ശേഷം കാണാതായ അമൂല്യമായ ഒന്ന് കണ്ടുകിട്ടും പോലെയായിരുന്നു രാജുവിന്റെ അവസ്ഥ. സോമന്റെ കണ്ണുകളിൽ നനവുണർന്നു.